410. സെദറാകളിലെ വിഷയങ്ങൾ ഏവ?

കർത്താവിന്റെ മനുഷ്യാവതാരസംഭവങ്ങൾ ഓർത്തു മഹത്വപ്പെടുത്തുക. വി. കുർബാനയുടെ അർത്ഥവും മഹിമയും പട്ടക്കാരന്റെ അയോഗ്യതയും വർണ്ണിക്കുക. വി. റൂഹായുടെ ആവസിപ്പിനുള്ള അപേക്ഷകൾ. വി. കുർബാന അനുഭവിക്കുന്നതിനുള്ള യോഗ്യതകളും വി. കുർബാന അനുഭവിക്കുന്നതുമൂലം പാപമോചനവും മററും ലഭിക്കുന്നതിനുള്ള പ്രാർത്ഥനകൾ. സമർപ്പണ പ്രാർത്ഥന.

411. വി. കുർബാനയുടെ പ്രാരംഭ ഭാഗത്ത് ഏതെല്ലാം ഉൾപ്പെടുന്നു?

1. വിശ്വാസ പ്രമാണവും മദ്ധ്യസ്ഥ പ്രാർത്ഥനയും
2. സമാധാന ചുംബനവും അനുഗ്രഹത്തിനുള്ള അപേക്ഷയും
3. വിനീത സമീപന പ്രാർത്ഥന
4. ശോശപ്പാ ആഘോഷം

412. ദിവ്യജ്ഞാനം ശ്രദ്ധിച്ചു ചൊല്ലേണ്ട പ്രാർത്ഥന?

വിശ്വാസപ്രമാണം

413. വി. കുർബാനയുടെ മദ്ധ്യഭാഗം ഏത്?

വി. കുർബാനയിലെ രണ്ടാം ഭാഗമാണ്.

414. വി. കുർബാനയിലെ വിശ്വാസികളുടെ ആരാധന ഏത്?

രണ്ടാം ഭാഗം

415. അതിന്റെ ഭാഗങ്ങൾ ഏതെല്ലാം?

1. ഒന്നാമത്തെ ആശീർവാദം
2. ഹൃദയോന്നമനവും സ്തുതിയും സ്തോത്രവും
3. വി. കുർബാന സ്ഥാപനം
4. കർത്താവിന്റെ രക്ഷണ്യ പ്രവർത്തനങ്ങളുടെ അനുസ്മരണം.
5. ന്യായവിധിയേക്കുറിച്ചുള്ള അനുസ്മരണം
6. കൃതജ്ഞതാർപ്പണം
7. വി. റൂഹായുടെ ആവാസത്തിനായുള്ള പ്രാർത്ഥന

416. രക്ഷണ്യ പ്രവർത്തന അനുസ്മരണത്തിനായുള്ള പേര്?

വർത്തമാനകാലികരണം (Anamnesis)

417. വി കുർബാനയിലെ ആദ്യത്തെ climax അഥവാ പരമകാഷ്ഠ ഏത്?

വി. റൂഹായുടെ ആവാസത്തിനായുള്ള പ്രാർത്ഥന അഥവാ Epiclesis

418. ഏലിയാ പ്രവാചകന്റെ പ്രാർത്ഥനയെ അനുസ്മരിപ്പിക്കുന്ന ഭാഗം ഏത്?

കർത്താവേ ഉത്തരമരുളിച്ചെയ്യണമെ എന്നു മൂന്നുപ്രാവശ്യം ചൊല്ലുന്ന പ്രാർത്ഥന

419. അപ്പവീഞ്ഞുകളെ എത്ര പ്രാവശ്യം വാഴ്ത്തുന്നു?



രണ്ടുപ്രാവശ്യം.

420. രണ്ടാമതു വാഴ്ത്തുന്നത് എപ്പോൾ?

തുബ്ദേനുമുമ്പായി ജനം കുറിയേലായിസ്സോൻ എന്നു മൂന്നുപ്രാവശ്യം പറഞ്ഞതിനുശേഷം.

421. തുബ്ദേൻ എന്നതിന്റെ യഥാർത്ഥപേരെന്ത്?

ദി യുഫ്ത്തിക്കെ (Diptuch)

422. ഈ പേര് കിട്ടുവാൻ കാരണം എന്ത്?

രണ്ടു പലകകളിൽ ഒന്നിൽ ജീവനുള്ളവരുടെയും മറേറതിൽ വാങ്ങിപ്പോയവരുടേയും പേര് എഴുതിയിരുന്നതിനാലാണ്.

423. തുബ്ദേനിൽ ആകെ എത്ര പ്രാർത്ഥനകൾ ഉണ്ട്?

പതിനെട്ട്

424. അവ ഏവ?

പട്ടക്കാരൻ രഹസ്യമായി ആറും, പരസ്യമായി ആറും, ശുശ്രൂഷക്കാരൻ ആറും ചൊല്ലുന്നു.

425. തുബ്ദേനിലെ പ്രാർത്ഥനകൾ വിപുലീകരിച്ച പിതാവ്?

ഉറഹായിലെ മാർയാക്കോബ്

426. വി. കുർബാനയിലെ മൂന്നാം ഭാഗം ഏത്?

വി. കുർബാനാനുഭവത്തിനുള്ള ഒരുക്കം.

427. വി. കുർബാനാനുഭവത്തിനുള്ള ഒരുക്കത്തിലെ ഭാഗങ്ങൾ ഏവ?

1. രണ്ടാമത്തെ ആശീർവാദം,
2. തിരുശരീരം മുറിച്ച് തിരുശരീരം രക്തങ്ങൾ കലർത്തുന്ന ശുശ്രൂഷ.
3. ലുത്തിനിയാ
4. കർത്തൃ പ്രാർത്ഥനയും വി. കുർബാനാനുഭവത്തിനുള്ള യോഗ്യതയ്ക്കായുള്ള അപേക്ഷയും.
5. മൂന്നാമത്തെ ആശീർവാദം
6. തിരുശരീര രക്തങ്ങളുടെ ആഘോഷം.

428. രണ്ടാം ആശീർവാദം ആരുടെ നാമത്തിൽ

യേശുമശിഹായുടെ നാമത്തിൽ

429. മൂന്നാമത്തെ ആശീർവാദത്തിന്റെ പ്രതേകത?

ത്രിത്വനാമത്തിലുള്ള ആശീർവാദം

430. വി. കുർബാനയിലെ രണ്ടാമത്തെ പരമോന്നതാവസ്ഥ ഏത്?

തിരുശരീര രക്തങ്ങളുടെ ആഘോഷമാണ്

431. വി. കുർബാനയിലെ നാലാം ഭാഗം ഏത്?

വി. കുർബാനാനുഭവം

432. വി. കുർബാനാനുഭവത്തിലെ പ്രധാന ഭാഗങ്ങൾ?

1. വിശുദ്ധന്മാരോടുള്ള സംസർഗ്ഗം.

2, ജനം തിരുശരീര രക്തങ്ങൾ അനുഭവിക്കുന്നതും രണ്ടാമത്തെ വരവിനെ കൊണ്ടാടുന്നതും

433. വി. കുർബാനയിലെ മൂന്നാമത്തെ പരമോന്നതാവസ്ഥ ഏത്?

തിരുശരീരരക്തങ്ങൾ പടിഞ്ഞാറോട്ടു കൊണ്ടുവരുന്നത്.

434. വി. കുർബാനയുടെ അവസാനത്തെ ഭാഗം ഏത്?

വി. കുർബാനാനുഭവത്തിനുശേഷമുള്ള പ്രാർത്ഥനകൾ.

435. അവയിലെ ഭാഗങ്ങൾ ഏവ?

കൃതജ്ഞതാ പ്രകടനവും, അനുഗ്രഹത്തിനുള്ള അപേക്ഷയും, നാലാമത്തെ ആശീർവാദം.

436. വി. കുർബാനയുടെ സമാപന ശുശ്രൂഷയിൽ ജനങ്ങൾക്കു സ്ഥാനമുണ്ടോ ?

ഇല്ല.

437. വി. കുർബാനയിൽ ഓർക്കുവാനായി പേര് കൊടുക്കേണ്ട സമയം ഏത്?

തൂയോബോയ്ക്ക് മുമ്പ്

438. വി. കുർബാനയിൽ ഓർക്കുവാൻ ആവശ്യപ്പെടുന്നവരെ ഓർക്കുന്ന സന്ദർഭങ്ങൾ ?

തൂയോബോയിൽ

ദർഗ്ഗായിൽ മുട്ടുകുത്തി പ്രാർത്ഥിക്കുമ്പോൾ

തുബ്ദേൻെറ സമയം

അവസാനം മറയിടുമ്പോൾ മുട്ടുകുത്തിയുള്ള പ്രാർത്ഥനയിൽ

439. വി. കുർബാനയിൽ കാർമ്മികൻ പടിഞ്ഞാറോട്ടു തിരിഞ്ഞ് എത്ര പ്രാവശ്യം സമാധാനം ചോദിക്കുന്നു?

തൂയോബോയ്ക്കു മുമ്പു ഉൾപ്പെടെ മൂന്നുപ്രാവശ്യം.

440. മററു രണ്ടു സന്ദർഭം ഏതെല്ലാം?

വിശ്വാസപ്രമാണ സമയത്തും, പ്രാർത്ഥനകളുടെ അവസാനഭാഗത്തുമായിട്ട് മറയിട്ടു വിശുദ്ധ രഹസ്യങ്ങൾ അനുഭവിക്കുന്നതിനു മുമ്പായും.

441. പട്ടക്കാരൻ പടിഞ്ഞാറോട്ടു തിരിഞ്ഞു സമാധാനം ചോദിക്കുന്ന അവസരങ്ങൾ ഏവ?

1. വി. കുർബാന ചൊല്ലുവാൻ മദ്ബഹായിൽ പ്രവേശിക്കുന്നതിനു മുൻപ്.
2. വിശ്വാസപ്രമാണ സമയത്ത് രഹസ്യ പ്രാർത്ഥന കഴിഞ്ഞ് പദവിമേൽ കയറുന്നതിനു മുൻപ്.
3. വി. കുർബാന അനുഭവിക്കുന്നതിനായി പദവിയിൽ കയറുന്നതിനു മുൻപ്.

442. 1-ാമതു പ്രാർത്ഥനയ്ക്കായി പട്ടക്കാരൻ ആവശ്യപ്പെടുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന എന്ത്?



ജീവനുള്ളതും പരിശുദ്ധവുമായ ബലി സഭക്ക് മുഴുവനും വേണ്ടി അണയ്ക്കുവാൻ ഞാൻ യോഗ്യനായിത്തീരേണ്ടതിനു എനിക്കു വേണ്ടി പ്രാർത്ഥിക്കണമെ.

443. 2-മതു സമാധാനം ചോദിക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന എന്ത്?

സഹോദരന്മാരെ ഗുരുക്കന്മാരെ എൻെറ കുർബാന അംഗീകരിക്കപ്പെടുവാൻ എനിക്കു വേണ്ടി പ്രാർത്ഥിക്കണമെ.

444. 3-മതു സമാധാനം ചോദിക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന എന്ത്?

സഹോദരന്മാരെ വത്സലരെ എനിക്കുവേണ്ടി പ്രാർത്ഥിപ്പിൻ

445. വി. കുർബാനയിൽ മൂന്നു കുറിയേലായിസ്സോൻ എത്ര പ്രാവശ്യം ചൊല്ലുന്നു?

മൂന്നു പ്രാവശ്യം

446. ഏതെല്ലാം അവസരങ്ങൾ?

ത്രിശുദ്ധകീർത്തനത്തിനുശേഷം, കർത്താവേ ഉത്തരമരുളി ചെയ്യണമേ എന്നു പട്ടക്കാരൻ പ്രാർത്ഥിച്ചതിനുശേഷം, 6-ാം തുബ്ദേൻെറ അവസാനത്തിലും.

447. ''അടികളേയും നിൻ കോപത്തിൻ
വടികളേയും മായിച്ചീടേണം'' ഈ ഗീതം ചൊല്ലുന്ന അവസരം ?

വി. കുർബാനയിൽ ദൈവമാതാവിൻെറ കുക്കിലിയോൻെറ ബോവൂസായുടെ അവസാന ഭാഗത്താണ് ഈ ഗീതം ചൊല്ലുന്നത്.

448. ''അടികളേയും തൻ കോപത്തിൻ
വടികളേയും മായിച്ചീടാൻ'' ഈ ഗീതം ചൊല്ലുന്ന അവസരം ?

വി. കുർബാനയിൽ പരിശുദ്ധന്മാരുടെ കുക്കിലിയോൻെറ ബോവൂസായുടെ അവസാന ഭാഗം.

449. നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ. വി. കുർബാനയിൽ എത്ര പ്രാവശ്യം ഇത് പട്ടക്കാരൻ പറയുന്നു?

ആറു പ്രാവശ്യം

450. ഏതെല്ലാം അവസരത്തിൽ?

1. ഏവൻഗേലിയോനുമുമ്പ്
2. സമാധാന പ്രാർത്ഥനയ്ക്കു മുമ്പ്
3. അൻപുടയോനേ ഗീതം ചൊല്ലുന്നതിനുമുമ്പ്
4. കർത്തൃ പ്രാർത്ഥന കഴിഞ്ഞ്
5. രഹസ്യങ്ങളുടെ ആഘോഷണത്തിനുമുമ്പ്
6. കൃതജ്ഞതാ പ്രാർത്ഥന കഴിഞ്ഞ്

451. പൗരോഹിത്യത്തിലെ ഏഴുപടികൾ ?

1. വിശ്വാസി
2. മൗമ്യോനോ

3. മ്സമറോനോ
4. കോറൂയോ
5. അപ്പുദിയാ ക്കിനോ
6 ശംശോനോ
7. കാശീശ്ശോ

452. വി. കുർബാനയിൽ പട്ടക്കാരൻ ധരിക്കുന്ന മാർകവചം ഏത്?
ഹമ്നീഖോ.

453. ത്രൈശുദ്ധ കീർത്തനം കൗമയോടു ചേർത്ത പിതാവ്?
Peter the Fuller എന്ന പാത്രിയർക്കീസ്.

454. കുർബാനയ്ക്ക് ഉപയോഗിച്ചുവന്ന അപ്പത്തിന്റെ പേര് ?
പ്രിസ്തോ

455. വി. കുർബാനയിൽ എത്ര അപ്പം ഉപയോഗിക്കാം ?
ഇമ്മാനുവേൽ ഏകനെന്ന പ്രകാരം ഒരപ്പം. അനുഭവിക്കാൻ കൂടുതൽ ആളുണ്ടെങ്കിൽ കൂടുതൽ അപ്പം ഒരപ്പമെന്ന സങ്കൽപ്പത്തിൽ ഉപയോഗിക്കാം

456. വി. കുർബാനാനുഭവം മൂലം ലഭിക്കുന്ന പുതിയ അനുഭവം ?
1. ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിന്റെയും ഉയിർപ്പിന്റെയും പങ്കാളിത്തം.
2. മനുഷ്യാവതാരത്തിന്റെ പ്രഖ്യാപനം.
3. ക്രിസ്തുവിനോടുള്ള ഒന്നിപ്പ്.
4. യോഗ്യതയോട് അനുഭവിക്കുന്നവർക്ക് പാപമോചനവും ക്രിസ്തീയ ജീവിതവും.
5. എല്ലാവർക്കും ക്രിസ്തുവിനോടും തമ്മിലും കൂട്ടായ്മ.

457. ബലിയിൽ ഉപയോഗിക്കുന്ന പ്രധാന സംഗതികൾ ?
ഗോതമ്പ് അപ്പവും വീഞ്ഞും.

458. ഗോതമ്പു നൽകുന്ന ചിത്രമെന്താണ് ?
1. അക്കാലത്ത് ഗോതമ്പ് സർവസാധാരണമായിരുന്നു.
2. ഗോതമ്പ് ഒരു പാവന ധാന്യമാണ്. (നല്ല മനുഷ്യരെ ഗോതമ്പിനോട് ഉപമിക്കുന്നു)
3. ന്യായപ്രമാണകാലത്ത് യാഗങ്ങൾക്ക് ഉപയോഗിച്ചിരുന്നു.
4. ഗോതമ്പപ്പം വി. സ്ഥലത്തെ മേശമേൽ പ്രതിദിനം കാഴ്ചയായി സമർപ്പിച്ചിരുന്നു.
5. അനേകം ഗോതമ്പുമണികൾ പൊടിച്ച് ഒരു അപ്പം ഉണ്ടാക്കുന്നതുപോലെ എല്ലാ വിശ്വാസികളും ഒന്നായിത്തീരണമെന്ന പാഠം.

459. വി. കുർബാനയ്ക്കുപയോഗിക്കുന്ന അപ്പങ്ങൾ
ഹമ്മീറാ (പുളിപ്പുള്ള അപ്പം) പത്തീറാ (പുളിപ്പില്ലാത്ത അപ്പം)



460. പത്തീറാ ഉപയോഗിക്കുന്ന ഓർത്തഡോക്സ് സഭ?
അർമ്മീനിയൻ സഭ

461. വി. കുർബാന ഒന്നായിട്ടോ, രണ്ടായിട്ടോ അനുഭവിക്കുന്നത്? കാരണം? ഒന്നായിട്ട്. തിരുശരീര രക്തങ്ങൾ ജീവനുള്ള അവസ്ഥയിൽ വേർപ്പെടാത്തതുകൊണ്ട്.

462. വി. കുർബാനയിൽ സംബന്ധിക്കേണ്ടത് അത്യാവശ്യമോ?
മനുഷ്യവർഗ്ഗത്തിനു ജീവനും ജീവസമൃദ്ധിയും കൊടുക്കുന്നതിന് യാഗമായി വന്ന രക്ഷകന്റെ യാഗത്തിൽ സംബന്ധിക്കുന്നത് അത്യാവശ്യവും അനുഗ്രഹവും ആകുന്നു.

463. വി. കുർബാന അനുഭവിക്കുവാൻ സാധിച്ചില്ലായെങ്കിലും കാണുന്നത് അനുഗ്രഹപ്രദമോ?
1. വി. കുർബാനയിൽ ആദാം മുതലുള്ള എല്ലാ മനുഷ്യരേയും ആവശ്യക്കാരേയും, അന്നു ഹാജരാകുന്നവരേയും ഓർത്തു പ്രാർത്ഥിക്കുന്നു. അതിനാൽ അവർക്കും കൃപ സിദ്ധിക്കും.
2. വി. കുർബാനാനുഷ്ഠാനം കാണുന്നതും, പ്രാർത്ഥനകളും ഗീതങ്ങളും ചൊല്ലുന്നതും, കേൾക്കുന്നതും, സന്ദർഭോചിതമായി ദൈവസാന്നിദ്ധ്യത്തെ മനസ്സുകൊണ്ട് ധ്യാനിക്കുന്നതും ഭക്തിയോടെ സംബന്ധിക്കുന്നവനു ഒരു അനുഭവം നൽകുന്നു.
3. മററു സ്ഥലങ്ങളേക്കാൾ ദൈവാലയത്തിലെ പരിസരവും ആരാധനയുടെ അന്തരീക്ഷവും ദൈവവുമായി കൂടുതൽ അടുക്കുന്നതിനു വിശ്വാസിയെ സഹായിക്കുന്നു.

464. യാഗത്തിലെ ഘടകങ്ങൾ?
1. ബലി സമർപ്പകൻ
2. ഊനമില്ലാത്ത യാഗവസ്തു
3. കാർമ്മികൻ
4. യാഗം സ്വീകരിച്ച് പ്രീതനാകേണ്ട ദൈവം
5. ബലിയുടെ അനുഭവക്കാർ

465. ഏററവും പ്രധാനപ്പെട്ട അന്നാഫുറാ ഏത്?
മാർ യാക്കോബിന്റെ പേരിലുള്ള അന്നാഫുറാ

466. നവപൂജാർപ്പണം, പട്ടംകൊട, ദേവാലയ കൂദാശ ഇവയിൽ ഉപയോഗിക്കുന്ന അന്നാഫുറാ ഏത്?
മാർ യാക്കോബിന്റെ അന്നാഫുറാ.

467. കർതൃ കല്പനപ്രകാരം ആദ്യമായി കുർബാനയർപ്പിച്ചതാര്?
ഊർശ്ലേമിന്റെ ഒന്നാമത്തെ എപ്പിസ്ക്കോപ്പായും ശ്ലീഹായും സഹദായുമായ യാക്കോബ്.

468. ഊർശ്ലേമിന്റെ ഒന്നാമത്തെ എപ്പിസ്ക്കോപ്പായും ശ്ലീഹായും സഹദായും എന്നു വിശേഷിപ്പിക്കപ്പെടുന്ന ഈ യാക്കോബ് ആര്?

കർത്താവിന്റെ സഹോദരനായ യാക്കോബ് ശ്ലീഹാ.

469. ശ്ലോമോ കൊടുക്കുന്ന അവസരങ്ങളിൽ പറയുന്ന പ്രതിവാക്യം?

അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

470. എപ്പോഴാണ് പട്ടക്കാരനും ശുശ്രൂഷക്കാരനും ശോശപ്പായുടെ കോൺ മുത്തുന്നത്?

സമാധാനം കൊടുക്കുന്നതിനു മുമ്പായി ശുശ്രൂഷക്കാരന്റെ കയ്യിലുള്ള ധൂപക്കുററിയുടെ ചങ്ങലയിൽ പട്ടക്കാരൻ പിടിച്ചു മുത്തുന്നു. ആ കൈ ശുശ്രൂഷക്കാരനും മുത്തി മദ്ബഹായിലുള്ളവർക്കും ഹൈക്കലായിലുള്ളവർക്കും കൈകസ്തൂരി കൊടുക്കുന്നു. (ബലി പീഠത്തിൽനിന്നുള്ള സമാധാനം പട്ടക്കാരൻ ശുശ്രൂഷകനെ ഏല്പിച്ചു ശുശ്രൂഷകൻ അത് ഏററുവാങ്ങി ജനത്തിന് കൊടുക്കുന്നു. ജനം തമ്മിൽ തമ്മിൽ കൊടുക്കുന്നു.)

471. Great Entrance എന്നാൽ എന്ത്?

ഗ്രീക്കു പാരമ്പര്യമുള്ള ഓർത്തഡോക്സ് സഭകളിൽ കാഴ്ചയണപ്പു കഴിഞ്ഞിരിക്കുന്ന അപ്പവും വീഞ്ഞും പ്രധാന ത്രോണോസിലേക്ക് ആഘോഷപൂർവ്വം കൊണ്ടുപോകുന്നു. ഈ ഭാഗത്തിനാണ് Great Entrance എന്നു പറയുന്നത്.

472. Great Entrance നടത്തുന്നതെപ്പോൾ?

ഏവൻഗേലിക്കുശേഷം.

473. ധൂപക്കുററി വാഴ്വിൽ ആദ്യത്തെ ചങ്ങല പിടിക്കുമ്പോൾ ചൊല്ലുന്നതെന്ത്?

കാദീശാബോ കാദീശോ /പരിശുദ്ധനായ പിതാവ് പരിശുദ്ധൻ

474. ധൂപക്കുററി വാഴ്വിൽ നടുച്ചങ്ങലയുൾപ്പെടെയുള്ള രണ്ടു ചങ്ങലകൾ പിടിക്കുമ്പോൾ എന്താണ് ചൊല്ലുന്നത്?

കാദീശ്ബ്രൊ കാദീശോ/പരിശുദ്ധനായ പുത്രൻ പരിശുദ്ധൻ

475. ധൂപക്കുററി വാഴ്വിൽ നാലാം ചങ്ങല പിടിക്കുമ്പോൾ എന്തു ചൊല്ലുന്നു?

കാദീശ് റൂഹൊഹായോ ഉകാദീശോ /ജീവനും വിശുദ്ധിയുമുള്ള റൂഹാപരിശുദ്ധൻ

476. വിശ്വാസികളിൽനിന്ന് സ്നാനാർത്ഥികളെ മാററി നിർത്തിയിരുന്നത് ഏതു സമയത്ത്?

വിശ്വാസപ്രമാണത്തെ തുടർന്നുള്ള ഭാഗത്ത്

477. പട്ടക്കാരൻ കുർബാനയ്ക്കായി ദർഗ്ഗായിൽ കയറുന്നതെപ്പോൾ?

വിശ്വാസ പ്രമാണത്തിനുശേഷം.

478. കുർബാനയുടെ പ്രധാന ഭാഗം ആരംഭിക്കുന്നതെപ്പോൾ?

വിശ്വാസ പ്രമാണത്തിനുശേഷം, പട്ടക്കാരൻ ദർഗ്ഗായിൽ കയറുമ്പോൾ.



479 ദർഗായിൽ കയറിയശേഷം ചൊല്ലുന്ന പ്രാർത്ഥനകളുടെ പ്രത്യേകത എന്ത്?

പിതാവിനെ സംബോധന ചെയ്തുകൊണ്ടായിരിക്കും പ്രാർത്ഥനകൾ.

480 പിതാവിനെ സംബോധന ചെയ്തുകൊണ്ട് തുടങ്ങുന്ന പ്രാർത്ഥനകൾ അവസാനിക്കുന്നതെങ്ങനെ ?

''ഞങ്ങൾ നിനക്കും നിന്റെ ഏകപുത്രനും, വി. റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേററുമാറാകേണമേ'' എന്നു പറഞ്ഞുകൊണ്ട്.

481. പദവിമേൽ കയറിക്കഴിഞ്ഞിട്ടുള്ള ക്രമീകരണത്തിനു പറയുന്ന പേര്

അന്നാഫുറാ.

482. വി. കുർബാനയുടെ ഒന്നാം ഭാഗം ഏത് ?

പരസ്യമായി ആരംഭിക്കുന്നതു മുതൽ വിശ്വാസ പ്രമാണത്തിന്റെ അന്ത്യംവരെ.

483. വി. കുർബാനയുടെ രണ്ടാം ഭാഗം ഏത്?

വിശ്വാസ പ്രമാണത്തിനുശേഷം പദവിമേൽ കയറുന്നതു മുതൽ 'സേലൂൻ ബശ്ലോമ്മോ' വരെ

484. വി. കുർബാനയിലെ സ്നാനാർത്ഥികളുടെ ആരാധാന ഏത് ?

വിശ്വാസ പ്രമാണംവരെയുള്ള ഭാഗം (ഒന്നാം ഭാഗം)

485. ഒന്നാംഭാഗ ശുശ്രൂഷയുടെ ആദ്യം നടത്തുന്ന പ്രദക്ഷിണം എങ്ങനെ

മദ്ബഹായിൽ ത്രോണോസിനു ചുററും Anti clock wise ആയി പ്രദക്ഷിണം വയ്ക്കുന്നു. പട്ടക്കാരൻ ധൂപക്കുററി വീശുന്നു. ശുശ്രൂഷക്കാർ മെഴുകുതിരിയും മറുവഹസായും പിടിച്ച് മാർ സേവേറിയോസിന്റെ മാനീസോ ചൊല്ലുന്നു. ത്രോണോസിന്റെ നാലു കോണിലും ഏവൻഗേലി മേശയിലും മുത്തി പടിഞ്ഞാറോട്ട് വന്ന് ജനങ്ങൾക്കു വീശുന്നു.

486. Trisagion എന്നാലെന്ത് ?

ദൈവമേ നീ 'പരിശുദ്ധനാകുന്നു' എന്ന ത്രൈശുദ്ധ കീർത്തനം.

487. Trisagion ചൊല്ലുമ്പോൾ പട്ടക്കാരൻ എന്തു ചെയ്യണം ?

ഇടതുകൈ ത്രോണോസിൽ പിടിച്ചിരിക്കണം. ആദ്യത്തെ പ്രാവശ്യം വലതുകൈ തബ്ലൈത്താമേലും, രണ്ടാം പ്രാവശ്യം പീലാസാമേലും തബ്ലൈത്താമേലും, മൂന്നാം പ്രാവശ്യം കാസാപീലാസകളിലും തബ്ലൈത്താമേലും വയ്ക്കണം.

488. 'ഹാബീബായ് ബാറെക്മോർ' എന്നു പറയുന്നത് ഏതു ഭാഗത്തെ വായനയ്ക്ക് ?

വടക്കുഭാഗത്തെ.